# ചീരക്കാരി

അബൂയാസീൻ തച്ചമ്പാറ



കത്തുന്ന വെയിലിൽ മുഖത്തു പൊടിഞ്ഞ വിയർപ്പ് സാരിത്തലപ്പു കൊണ്ട് തുടച്ച് നടന്നുവന്നു വൃദ്ധയായ കനകമ്മാൾ. തലയിൽ ഒരു വലിയ കൊട്ടനിറയെ ചീരക്കെട്ടുകളാണ്. നല്ല ഭാരമുണ്ട്.

ആ പ്രയാസം പുറത്തു കാണിക്കാതെ, 'ചീര വേണോ ചീര, ചെറു ചീര, മുരിങ്ങയില, വങ്കാള ചീര' എന്ന് അവർ ഒച്ചയിട്ട് കടന്നുപോയി. ശബ്ദം തെരുവ് മുഴുവനും അലയടിച്ചു.

ശബ്ദം കേട്ടപാടെ കൗസല്യ വീട്ടുവാതിൽ വേഗം തുറന്ന് പുറത്തുവന്നു.

"ഇങ്ങോട്ടു കൊണ്ടുവരൂ.. എന്താ വില?" ചീരക്കെട്ടുകൾ നോക്കിക്കൊണ്ട് കൗസല്യ ചോദിച്ചു.

"പതിനഞ്ചുരൂപ. രാവിലെ തോട്ടത്തിൽ പോയി കൊണ്ടുവരിക

കേരള വനിതാകമീഷന്റെ പ്രസിദ്ധീകരണം- സ്ത്രീശക്തി

യാണ്, നോക്കൂ മോളേ.. വാടാതെ അങ്ങനെ ത്തന്നെ പച്ചപ്പോടെ തന്നെയുണ്ട് '' കനകമ്മാൾ പറഞ്ഞു.

''അതു ശരി.. പത്ത് രൂപയുടെ ചീരക്കെട്ടിന് പതിനഞ്ചോ?' കൗസല്യ ചോദിച്ചു.

''ഈ പൊരിവെയിലത്ത് കൊട്ടയും ചുമന്ന് നടന്നുനോക്ക്..! കടയിൽ രണ്ടുനാൾ പഴക്കമുള്ള ചീര വെള്ളം തളിച്ച് വിൽക്കുന്നുണ്ടാവും. പോയി വാങ്ങിക്കോ...'' ദേഷ്യപ്പെട്ടു കനകമ്മാൾ. പിറു പിറുത്തു കൊണ്ട് ചീരക്കൊട്ട തലയിൽ വെച്ച് പോകാനൊരുങ്ങി അവർ.

''ശരി ശരി, കൊട്ട താഴെ വെക്കൂ... നിങ്ങളുടെ ശാപം എനിക്കെന്തിനാ... നിങ്ങൾ ചോദിച്ച പതി നഞ്ചു രൂപക്ക് മുരിങ്ങയിലക്കെട്ട് എടുക്കൂ...'' കൗ സല്യ ധൃതിപ്പെട്ട് പേഴ്സ് തുറന്ന് ഒരു പത്തുരൂ പാ നോട്ടും അഞ്ചുരൂപ ചില്ലറയും കനകമ്മാളുടെ കൈയിൽ കൊടുത്ത് വേഗത്തിൽ നടന്നു പോയി.

കീറിയ പത്തുരൂപാ നോട്ട് ഒരുവിധം ചീര ക്കാരി കിഴവിയുടെ കൈയിൽ തള്ളിക്കൊടുത്തു എന്ന തൃപ്തി കൗസല്യയുടെ മനസ്സിൽ നിറഞ്ഞു. പത്തടി ദൂരം നടന്നിട്ടുണ്ടാകും, പിന്നിൽ നിന്നൊ രു ശബ്ദം: ''മോളേ, ഒന്ന് നിന്നേ...'' ശബ്ദം കേട്ട ദി ക്കിലേക്ക് പെട്ടെന്ന് തിരിഞ്ഞു നോക്കി കൗസല്യ.

ചീരക്കാരിയുടെ ശബ്ദം കേട്ടപ്പോൾ തന്നെ മനസ്സൊന്ന് പിടഞ്ഞു കൗസല്യക്ക്. കീറിയ രൂപ കൊടുത്തത് കണ്ടുപിടിച്ചല്ലോ കിഴവി..! നിൽക്ക ണോ എന്ന് കൗസല്യ ഓർക്കുമ്പോഴേക്കും കനക മ്മാൾ അടുത്തെത്തി.

''എന്താ മോളേ ഇങ്ങനെ ചെയ്തത്... ഈ കത്തുന്ന വെയിലിൽ നിന്റെ പിന്നാലെ എന്നെ ക്കൊണ്ട് നടക്കാൻ പറ്റുമോ..? '' അൽപം ദേഷ്യ ത്തോടെ അവർ ചോദിച്ചു.

''നിങ്ങൾ എന്റെ പിന്നാലെ നടക്കാൻ മാത്രം ഞാൻ എന്തു ചെയ്തു.?!'' മനസ്സിൽ കള്ളത്തരം മറച്ചുവെച്ച് ഗൗരവത്തിൽ ചോദിച്ചു കൗസല്യ.

''മോളേ, പേഴ്സ് തുറക്കുമ്പോൾ ശ്രദ്ധ വേ ണ്ടേ.. അഞ്ഞൂറ് രൂപയുടെ നോട്ട് താഴെ വീണ ത് അറിയാഞ്ഞത് വേഗത്തിൽ പോന്നിട്ടല്ലേ...! കാശ് കാണാതെ മോൾ പ്രയാസപ്പെടരുതല്ലോ എന്നോർത്താണ് ഓടി വന്നത്.'' ഇതും പറഞ്ഞ് കൗസല്യയുടെ കൈയിൽ അഞ്ഞൂറു രൂപാ നോ ട്ടു കൊടുത്തു കനകമ്മാൾ.

കൗസല്യ ആ നോട്ട് വാങ്ങി.

'ഈ നല്ല സ്ത്രീക്ക് കീറിയ പത്തിന്റെ നോ ട്ട് അറിഞ്ഞുകൊണ്ട് കൊടുത്ത ഞാൻ എത്ര പാപി...!' വേറെ നോട്ട് കൊടുത്താലോയെന്ന് കൗ സല്യ ആലോചിക്കുന്നതിനുമുമ്പ് 'ഞാൻ വരട്ടെ മോളേ, ഇനിയും നാലഞ്ച് തെരുവുകളിൽ പോയാ ലാണ് എന്നെ വിശ്വസിച്ച് കാത്തിരിക്കുന്ന അനാ ഥക്കുട്ടികൾക്ക് ചോറ് വിളമ്പാൻ കഴിയുക' എന്നു പറഞ്ഞ് വേഗത്തിൽ നടന്നു കനകമ്മാൾ.

കൗസല്യക്ക് മുതുകിൽ ചാട്ടവാറടി വീണ പോലെ വേദനിച്ചു.

**ആരോഗ്യമുള്ള ഒരാളുടെ ശരീരത്തിലെ ശരാശരി രക്തം– അഞ്ചര ലിറ്റർ**